# കേരള സർവകലാശാല

നം. പി.ആർ.028/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ/ ബി.എസ്സി (ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം.

കേരള സർവകലാശാല ഫെബ്രുവരി എട്ടിന് ആരംഭിക്കുന്ന ബി.എ/ ബി.എസ്സി (ആന്വൽ സ്കീം) പാർട്ട് ഒന്നും രണ്ടും സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർക്ക് ഫെബ്രുവരി ആറ് മുതൽ വെബ്സൈറ്റിൽ നിന്നും ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം. ഓഫ്‌ലൈനായി അപേക്ഷിച്ചവർ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് വാങ്ങേണ്ടതാണ്.

### എം.എസ്സി ബയോ ഇൻഫർമാറ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 20, 21 തീയതികളിൽ നടത്തും. വിശദവിവരങ്ങൾ കോളേജിലും സർവകലാശാല വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ അവസാന വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 17 വരെ അപേക്ഷിക്കാം.

### ഫങ്ഷണൽ ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഫങ്ഷണൽ ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 6000/-രൂപ. കോഴ്സ് കാലാവധി നാല് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി ഫെബ്രുവരി 18. ഫോൺ. 0471–2302523.

### യോഗ തെറാപ്പി കോഴ്സിന് സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് സീറ്റൊഴിവുണ്ട്. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ് (7) മണി മുതൽ ഒൻപത് (9) മണി വരെ. കോഴ്സ് ഫീസ് Rs 19500/- രൂപ അപേക്ഷ ഫീസ് 100 രൂപ മാത്രം അവസാന തീയതി ഫെബ്രുവരി 18

## പി.ജി ഡിപ്ലോമ ഇൻ കൗൺസലിങ് സൈക്കോളജി കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസലിങ് സൈക്കോളജി കോഴ്സിന്റെ പ്രവേശന ഇന്റർവ്യൂ ഫെബ്രുവരി എട്ടിന് പി.എം.ജിയിലുളള സി.എ.സി.ഇ.ഇ ഓഫീസിൽ വച്ച് നടത്തും. സമയം രാവിലെ 11 മണി. വിശദ വിവരങ്ങൾക്ക് ഫോൺ 0471–2302523.

## ബി.എഫ്.എ പരീക്ഷ

കേരള സർവകലാശാല മാർച്ച് ഒന്നിന് തുടങ്ങുന്ന അവസാന വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 13 (50 രൂപ പിഴയോടെ ഫെബ്രുവരി 15, 250 രൂപ പിഴയോടെ ഫെബ്രുവരി 17) വരെ അപേക്ഷിക്കാം.

മാർച്ച് 20–ന് തുടങ്ങുന്ന ഒന്നാം വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 20 (50 രൂപ പിഴയോടെ ഫെബ്രുവരി 22, 250 രൂപ പിഴയോടെ ഫെബ്രുവരി 25) വരെ അപേക്ഷിക്കാം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
04.02.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098